ഉത്തരം

വൃക്ക ദാതാക്കൾക്ക് മൂന്നുമാസം കഠിനമായ അദ്ധ്വാനം ഒഴിവാക്കണം എന്നല്ലാതെ മറ്റു ഇടർചികിത്സ ആവശ്യമില്ല. ഓപ്പറേഷൻ സമയത്ത് ഏകദേശം മുപ്പതിനായിരം രൂപ ആവശ്യമായിവരും. എന്നാൽ, വൃക്ക സ്വീകർത്താക്കൾക്ക് ജീവിതകാലം മുഴുവൻ ശരീരം വൃക്കയെ തിരസ്കരിക്കാതിരിക്കാനുള്ള മരുന്നുകൾ ആവശ്യമായിവരുന്നു. ഇതിന്റെ ചിലവ് ഏകദേശം പ്രതിവർഷം ഒരു ലക്ഷം രൂപ എന്ന തോതിലാണ്. ഇതിനായി കാരുണ്യ പദ്ധതിവഴി വൃക്ക ദാതാക്കൾക്ക് ഒരു ലക്ഷം രൂപയും വൃക്ക സ്വീകർത്താക്കൾക്ക് രണ്ട് ലക്ഷം രൂപയും ലഭിക്കാറുണ്ട്. ഒപ്പം ആർ.എസ്.ബി.വൈ - ചിസ്പ്ലസ്വഴി 1,48,000 രൂപ നൽകുന്നുണ്ട്. പ്രൈം മിനിസ്റ്റേഴ്സ് റിലീഫ് ഫണ്ട് (ആർ.എ.എൻ) വഴി നാല് ലക്ഷം രൂപയും നൽകുന്നുണ്ട്.

ഭക്ഷണ പദാർത്ഥങ്ങളുടെ പരിശോധനാ സംവിധാനം

20 (T*712) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഷമുക്ത ഭക്ഷണ പദാർത്ഥങ്ങൾ അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നത് തടയുന്നതിന് സർക്കാർ നടപടികളുടെ ഭാഗമായി എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിധ്യം സംബന്ധിച്ച് പരിശോധന കർശനമാക്കിയതിലൂടെ അമിത അളവിൽ കീടനാശിനികൾ ഉപയോഗിച്ച പഴങ്ങൾ, പച്ചക്കറികൾ എന്നിവ സംസ്ഥാനത്തെത്തുന്നത് ഗണ്യമായി കുറഞ്ഞിട്ടുണ്ട് എന്ന് കണക്കാക്കുന്നു. കൂടാതെ പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിധ്യം ഒഴിവാക്കുന്നതിനുള്ള ലളിതമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ട് പത്രമാധ്യമങ്ങളിലൂടെ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകിയ പരസ്യത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്.

മാനസിക രോഗ ചികിത്സാ സൗകര്യം

21 (713) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ തലത്തിൽ മാനസികരോഗ ചികിത്സാ സൗകര്യങ്ങൾ താരതമ്യേന കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly